[Hon'ble Mr. T. K. Narayana Pillai].

സമുദായാംഗങ്ങൾ അനുയോജ്യരായ അപേക്ഷകന്മാരായുള്ളപ്പോൾ അവർക്കു മുൻഗണന നൽകിവരുന്നുണ്ട്.

MR. P. K. KRISHNAN SASTRI : സീനിയോറിട്ടിയനുസരിച്ച് പ്രമോഷൻ കിട്ടാതിരുന്നിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെയുള്ളതായിട്ട് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. അഥവാ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറ് അതിനെപ്പറ്റി ഗൗനിക്കുന്നതായിരിക്കും.

MR. P. K. KRISHNAN SASTRI : എഫിഷ്യൻസി അനുസരിച്ചു മാത്രം പ്രൊമോഷൻ കൊടുക്കാൻ സാധിക്കയില്ലെ?

HON'BLE MR. T. K. NARAYANA PILLAI : എഫിഷ്യൻസിയനുസരിച്ചും സീനിയോറിട്ടിയനുസരിച്ചുമാണ് പ്രമോഷൻ കൊടുക്കുന്നത്.

MR. T. T. KESAVAN SASTRI : ആകെ നമ്പർ പേരുള്ളതിൽ എത്ര സ്ത്രീകളും എത്ര പുരുഷന്മാരുമുണ്ടെന്നു പറയുമോ?

HON'BLE MR. T. K. NARAYANA PILLAI : ആ വിവരം ചോദ്യത്തിൽ മുൻകൂട്ടി ചോദിച്ചിട്ടില്ലാത്തതിനാൽ ഉത്തരം പറയാൻ നിവർത്തിയില്ല.

കൊല്ലം-ആലുവാ റയിൽവേ.

* 339. MR. MOHAMMED MUSTAFA (*Pathanapuram—Muslim*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റയിൽവേവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊല്ലത്തുനിന്നും ആലുവായിലേക്ക് റയിൽവേ നീട്ടുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) അതിനായി ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

HON'BLE MR. A. J. JOHN: (a) and (b) The matter is under serious consideration.

റൈസ്മിൽ നിരോധനം.

* 340. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) റൈസ്മില്ലുകളുടെ മേലുള്ള നിരോധനം നീക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥകളിന്മേൽ, എപ്പോൾ മുതൽ എന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: (എ) റൈസ് മില്ലുകളുടെ നിരോധനം മുഴുവൻ നീക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ ചില പ്രത്യേക സ്ഥലങ്ങളിൽ ഡിവിഷൻ പേഷ്കാർ നൽകുന്ന ലൈസൻസു അനുസരിച്ചു മില്ലുകൾ പ്രവർത്തനം നടത്താൻ അനുവദിക്കാമെന്നു ഉദ്ദേശിക്കുകയാണു്, അതു സംബന്ധിച്ചുള്ള ഒരു സ്കീം ആലോചനയിലിരിക്കുന്നു.

(ബി) ഏ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ (ബി) ഉത്ഭവിക്കുന്നില്ല.

MR. MOHAMMED MUSTAFA : ഗവണ്മെൻറു ഉടമസ്ഥതയിലുള്ള റൈസ് മില്ലുകളാണോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു്?

HON'BLE MR. V. O. MARKOS : സ്കീം ആലോചനയിൽ ഇരിക്കുന്നതേയുള്ളുവെന്നു ഞാൻ നേരത്തെ പറഞ്ഞുവല്ലോ.

MR. MOHAMMED MUSTAFA : ഗവണ്മെൻറു ഉടമസ്ഥതയിൽ മറ്റുവല്ല സ്ഥലങ്ങളിലും റൈസ് മില്ലുകൾ നടത്തുന്നുണ്ടോ എന്നറിയാമോ?

HON'BLE MR. V. O. MARKOS : അങ്ങിനെ നടത്തുന്നതായി അറിവില്ല

MR. VARGHESE AUGASTINE (*Ambalapuzha III—General*) : റൈസ മില്ലുകൾ നടത്തുന്നതിനുള്ള അപേക്ഷകൾ ഡിവിഷൻ പേഷ്കാരന്മാർ സ്വീകരിച്ചിട്ടുണ്ടെന്നു അറിയാമോ?

HON'BLE MR. V. O. MARKOS: അറിയാം.

MR. MOHAMMED MUSTAFA : നിരോധനം നീക്കാൻഉദ്ദേശമില്ലെങ്കിൽ അപേക്ഷകൾ സ്വീകരിക്കാൻ കാരണമെന്താണു്?

HON'BLE MR V. O. MARKOS : ചില പ്രത്യേക സ്ഥലങ്ങളിൽ മില്ലുകൾ അനുവദിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതു കൊണ്ടാണു് അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതു്.

MR. K. K. CHELLAPPAN PILLAI : റൈസ് മില്ലുകൾ സ്ഥാപിച്ചാൽ സ്ത്രീകളുടെയിടയിൽ തൊഴിലില്ലായ്മ വർദ്ധിക്കുമെന്നറിയാമോ?

HON'BLE MR. V. O. MARKOSE: അതിനെപ്പറ്റി രണ്ടു അഭിപ്രായമുണ്ടു്.

MR. POWNARA G. SREEDHAR (*Nedumangad II—General*) : മില്ലിൽ കുത്തിയെടുക്കുന്ന അരി ആരോഗ്യത്തിനു ഹാനികരമാണെന്നു മഹാത്മാഗാന്ധി മുതലായ ആളുകൾ പറഞ്ഞിട്ടുള്ളതായി അറിയാമോ?

HON'BLE MR. V. O. MARKOS : അങ്ങിനെ പറഞ്ഞിട്ടില്ലെന്നാണു് അറിവു്. മില്ലിൽ കുത്തി അരിയുടെ തവിടുകളഞ്ഞാൽ ഗുണം കുറയുമെന്നു പറഞ്ഞിട്ടുള്ളതായി അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. POVVARA G. SREEDHAR : തവിട്ടപോകാതെ മില്ലിൽനെല്ല കുത്തിയെടുക്കാൻ ഒക്കുകയില്ലെന്നറിയാമോ?

HON'BLE MR. V. O. MARKOS : അതു ശരിയല്ല. തവിടോടുകൂടി ത്തന്നെ മില്ലിൽ നെല്ലുകുത്തിയെടുക്കാം.

MR. EAPPEN ARAKAL (*Ambalapuzha I—Latin Catholic*): കൊച്ചിയിൽ റൈസ്മില്ലുകൾ ധാരാളം പ്രവത്തനം നടത്തുന്നുണ്ടെന്ന റിയാമോ?

HON'BLE MR. V. O. MARKOS : അറിവില്ലെന്നമാത്രമല്ല അവിടെ റൈസ്മില്ലുകൾ പ്രവത്തനം നടത്തുന്നമില്ല.

MR. PANDAVATH SANKARA PILLAI (*Karthikapally III—General*): റൈസ്മില്ല് ഇല്ലാത്തതുകൊണ്ട് നെല്ലുകുത്തി അരിയാക്കാൻ നിവൃത്തിയി ല്ലാതെ ആരെങ്കിലും പട്ടിണികിടന്നിട്ടുള്ളതായി റിപ്പോർട്ടുകൾ കിട്ടിയി ട്ടുണ്ടോ?

HON'BLE MR. V. O. MARKOS : പട്ടിണികിടന്നതായി റിപ്പോർട്ട കൾ ഒന്നും കിട്ടിയിട്ടില്ല. പക്ഷെ ചിലടത്തു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നു റിപ്പോർട്ടുകൾ കാട്ടിയിട്ടുണ്ട്.

MR. A. P. UDAYABHANU (*Karunagapalli II—General*): നെല്ലുകുത്തു മില്ലുകളുടെ പ്രവത്തനം നിരോധിച്ചിട്ടു എത്ര കാലമായിയെന്നു പറ യാമോ?

HON'BLE MR. V. O. MARKOS : കൺട്രോൾ ഉണ്ടായതോടുകൂടി തന്നെയാണെന്നാണ് എന്റെ ഓർമ്മ.

MR. A. P. UDAYABHANU : മില്ലുകൾ നിരോധിച്ചിട്ടതന്നെയും വള രെ ആളുകൾക്ക് ജോലിയില്ലാതിരിക്കുന്ന സ്ഥിതിക്ക് അതനുവദിച്ചാൽ ഇനിയും ധാരാളം ആളുകൾക്ക് തൊഴിലില്ലാതായിപ്പോകുമെന്നുള്ളകാര്യം ഗവണ്മെന്റു പരിഗണിക്കുമോ?

HON'BLE MR. V. O. MARKOS : ചില സ്ഥലങ്ങളിൽ മില്ലുകൾ ഇല്ലാത്തതുകൊണ്ട് ആളുകൾക്ക് ബുദ്ധിമുട്ട ഉണ്ടാകുന്നുണ്ടെന്നു അറിയാം. ആ ബുദ്ധിമുട്ട ഇല്ലാതാക്കണമെന്നേ ഗവണ്മെൻറിനു ആഗ്രഹമുള്ളൂ.

MR. P. KUNJUKRISHNAN : ഈ മില്ലുകളുടെ പ്രവത്തനം നിരോധി ക്കുന്നതിനുള്ള കാരണമെന്താണ് ?

HON'BLE MR. V. O. MARKOS : അന്ന് അതിനു പറഞ്ഞിരുന്ന കാരണം മില്ലിൽ കുത്തിയാൽ തവിടു പൊയ്പ്പോകുമെന്നാണ്.

MR. P. S. NATARAJA PILLAI : (*Trivandrum V—General*) : May I know whether rice mill will facilitate black-marketing or aid the enforcement of controls?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS: The working of the machinery will not by itself facilitate black-marketing, but if rice mills are freely allowed in the conutry, it is likely to facilitate black-marketing to a certain extent.

സയാം അരി.

*341. MR. PANDAVATH SANKARA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഫെബ്രുവരി-ൽ ഇതുവരെ എത്ര ടൺ സയാംഅരി ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ട്?

(ബി) അതിൽ എത്രടൺ അരി ഇതിനകം വിതരണം ചെയ്തു?

(സി) ആ അരി ഏതെല്ലാം താലൂക്കുകളിലാണ് വിതരണം ചെയ്തിട്ടുള്ളത്?

(ഡി) ഇറക്കുമതിചെയ്തിട്ടുള്ള മറ്റു ജാതി അരിയുടെ എത്ര ശതമാനംവീതം ഓരോ താലൂക്കിലും വിതരണം ചെയ്തു?

(ഇ) ഉപയോഗശൂന്യമായ ഈ അരി ഈ പ്രദേശങ്ങളിൽ തന്നെ വിതരണം ചെയ്യാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

HON'BLE MR. V. O. MARKOS: (എ) ഫെബ്രുവരി മാസം ഫസ്റ്റാംതീയതിവരെ ഇരുപതിനായിരം ടൺ സയാം അരി തിരുവിതാംകൂറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഫെബ്രുവരി മാസം ഫസ്റ്റാംതീയതിവരെ ആകെ റിലീസ് ചെയ്തിട്ടുള്ള അരി പതിനായിരം ടൺ ആണ്. ഇതിൽ സയാം അരിയും ബർമ്മാഅരിയും ഉൾപ്പെട്ടിരുന്നു.

(സി) റിലീസ് ചെയ്തിട്ടുള്ള സയാംഅരി എല്ലാ താലൂക്കുകളിലും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഓരോ മാസത്തിലും ഇറക്കുമതി ചെയ്യുന്ന അരിയുടെ അളവിനെ ആശ്രയിച്ചാണ് വിതരണം ചെയ്യുന്ന അരിയുടെ തോതു നിശ്ചയിക്കുന്നത്. ചില മാസങ്ങളിൽ സയാം അരിമാത്രമായിട്ടും ലഭിച്ചിട്ടുണ്ട്. ഡിസംബർമാസത്തിൽ കിട്ടിയതു സയാം അരിമാത്രമായിരുന്നു. മറ്റു മാസങ്ങളിൽ സയാംഅരിയും ബർമ്മാഅരിയും ലഭിച്ചിട്ടുണ്ട്. ഇതു രണ്ടും എല്ലാ താലൂക്കുകളിലും ഒരേ സമയത്തു ഒരേ തോതിൽ വിതരണംചെയ്യാൻ അസാദ്ധ്യമാണ്. ഓരോ ഇനം അരിയുടേയും കൂടുതൽ കുറവു അനുസരിച്ചു വിതരണവിധത്തിലും വ്യത്യാസം വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly